# 57. എഴുപതു തികഞ്ഞപ്പോൾ

മലയാളികൾക്കു പ്രിയപ്പെട്ട ബംഗാളി നോവലിസ്റ്റ് ആയ ശ്രീ ബിമൽമിത്ര ഈ ഏപ്രിൽ ഒന്നാം തീയതി എനിക്കെഴുതിയ ഒരു കത്തിൽ, പലതിന്റെയും കൂട്ടത്തിൽ, ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

'ഇത്രയും പ്രായം ആയശേഷം എനിക്കു താങ്കളോടു പറയാൻ ഉള്ളത്, ഒരെഴുത്തുകാരനെന്ന നിലയിൽ ഞാൻ വിജയിച്ചു എന്ന വിശ്വാസം എനിക്കില്ലെന്നാണ്. രാജ്യം ശരിയായ വഴിയിലൂടെ മുന്നേറണം എന്നതായിരുന്നു എന്റെ ആഗ്രഹം. പക്ഷേ, രാജ്യം വാസ്തവത്തിൽ സഞ്ചരിക്കുന്നതു തെററായ വഴിയിലൂടെയാണ്. വാൾട്ടയർ അന്തിമ ദിനങ്ങളിൽ പറഞ്ഞതുതന്നെയാണ് എന്റെയും അനുഭവം. വാൾട്ടയർ എഴുതി:

'ഈ ഭൂമി ഒരിഞ്ചും മുന്നോട്ടുപോയിട്ടില്ലെന്നു', മരിക്കുന്ന സമയത്തു കൂടി എനിക്കു കാണേണ്ടിവരും.'

എഴുപത്താറാം വയസ്സിലെത്തിനിൽക്കുന്ന ബിമൽമിത്രയുടെ വികാരങ്ങളാണിവ.

എഴുപതു വയസ്സ് പൂർത്തിയാകുന്ന അവസരത്തിൽ എന്റെ വികാരങ്ങളും വളരെയൊന്നും വ്യത്യസ്തങ്ങളല്ല.

ഞാൻ ജോലി ചെയ്യുന്ന സ്ഥാപനം നടത്തുന്ന വാരികകളിലേക്ക് ആഴ്ചതോറും രണ്ടോ, ചിലപ്പോൾ മൂന്നോ ലേഖനങ്ങൾ വീതം എഴുതാൻ നിർബന്ധിതനായ എന്റെ മനസ്സിൽ വ്യക്തിപരമായ കാര്യങ്ങളേക്കാൾ കൂടുതൽ നിറഞ്ഞുനില്ക്കുന്നതു് ഞാൻ ജീവിക്കുന്ന സമൂഹത്തിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും കാര്യങ്ങളാണ്. വളർന്നുകൊണ്ടിരിക്കുന്ന അണുആയുധക്കൂമ്പാരങ്ങളെപ്പററിയും പിരിമുറുക്കം ഏറിയേറിവരുന്ന അന്താരാഷ്ട്രീയ സമ്മർദങ്ങളെപ്പററിയും അധികാധികം ഗുണച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഭൂ–ഭൗതികപരിസ്ഥിതിയെപ്പററിയും ദരിദ്രരാജ്യങ്ങൾ ദരിദ്രതരങ്ങളായിക്കൊണ്ടിരിക്കുന്നതിനെപ്പററിയും ചില രാജ്യങ്ങളിൽ ഭക്ഷ്യക്ഷാമം ഒരു സ്ഥിരം പ്രതിഭാസമായിത്തീർന്നിട്ടുള്ളതിനെപ്പററിയും, മദ്യം, മയക്കുമരുന്നുകൾ, ഭീകര പ്രവർത്തനങ്ങൾ എന്നിവയുടെ സംഭ്രമജനകമായ വ്യാപനത്തെപ്പററിയും ഒക്കെ ഞാൻ ആശങ്കാകുലനാണ്. പരസ്പരം പൊരുതുന്ന പല ഭരണകൂടങ്ങൾ ആസന്നഭാവിയിൽത്തന്നെ നമ്മുടെ ഈ ഇന്ത്യയിൽ ഉടലെടുത്തുകൂടെന്നില്ലെന്ന് എനിക്കു ഭയം തോന്നുന്നു. നമ്മുടെ ജനാധിപത്യസ്ഥാപനങ്ങൾ ക്രമേണ നിർവീര്യങ്ങളാകുന്നതും സ്പ്രിങ്ങ് അയഞ്ഞ ടൈംപീസ്പോലെ ഭരണയന്ത്രം സ്വയം മന്ദീഭവിക്കുന്നതും മര്യാദയുടെ സ്ഥാനത്തു റൗഡിസവും വിവേകത്തിന്റെ സ്ഥാനത്തു ധിക്കാരവും അറിവിന്റെ സ്ഥാനത്ത് അന്ധതയും ആഡംബരപൂർവം പ്രതിഷ്ഠിക്കപ്പെടുന്നതും എന്നെ വേദനിപ്പിക്കുന്നു.

ഈ വസ്തുനിഷ്ഠഅനുഭൂതികളെ വ്യക്തിനിഷ്ഠഅനുഭൂതികളുമായി ഇഴ ചേർത്തു പിരിക്കാതെ വേറിട്ട് അകററിനിർത്തുവാൻ സാധിക്കുന്നില്ല എന്നതാണ് വാൾട്ടയറുടെയും ബിമൽമിത്രയുടെയും എന്നപോലെ എന്റെയും മനഃക്ലേശം. പ്രായം ഏറുംതോറും അസുഖകരങ്ങളായ വ്യക്തി അനുഭവങ്ങൾ ആർക്കും ഉണ്ടാവുകതന്നെചെയ്യും. ശരീരത്തിന് ശക്തി കുറയും; പുതിയ അനുഭൂതികളെ സ്വാഗതംചെയ്യാൻ മനസ്സു വിസമ്മതിച്ചു തുടങ്ങും; അടുത്ത സുഹൃത്തുക്കളും സഹപ്രവർത്തകരും അകന്നുപോവുകയും അവരിൽ പലരും എന്നന്നേക്കുമായി ജീവിതലീല അവ

സാനിപ്പിക്കുകയുംചെയ്യുന്നതിന്റെ ഫലമായി, താൻ കൂടുതൽക്കൂടുതൽ ഒററപ്പെടുകയാണെന്ന ഭീതി ഹൃദയത്തിൽ നിറയും. സന്ധ്യ അടുക്കുമ്പോൾ എല്ലാ വസ്തുക്കളുടെയും നിഴലുകൾ ധൂമകേതുവിന്റെ വാലുപോലെ, നീണ്ടുനീണ്ടു വരുന്നതായി തോന്നുമല്ലോ. വാർദ്ധക്യത്തിന്റെ അനുഭവവും മറിച്ചല്ല. വൃദ്ധരിൽ പൊതുവെ കാണുന്ന വിഷാദത്തിനും അശുഭപ്രതീക്ഷാശീലത്തിനും കാരണം ഇതാകുന്നു. വ്യക്തിനിഷ്ഠമായ ഈ വിഷാദത്തെ വർദ്ധിപ്പിക്കാനേ ആധുനിക ലോകത്തിലെ പരിഹാരമില്ലാത്തവയെന്നു തോന്നുന്ന സമ്മർദങ്ങളെപ്പററിയുള്ള നിരന്തരചിന്ത ഉപകരിക്കുന്നുള്ളു.

എങ്കിലും ഞാൻ സന്തുഷ്ടനാണ്. ഇനി എത്ര വർഷങ്ങളിലേക്കുകൂടി എന്റെ ജീവിതം നീളും എന്ന് എനിക്കറിഞ്ഞുകൂടാ. മനസ്സിന്റെയും ശരീരത്തിന്റെയും കഴിവുകൾക്കു വളരെയൊന്നും ഹാനി സംഭവിക്കാതെ ഇന്നത്തെ രീതിയിലുള്ള സക്രിയമായ പ്രവർത്തനം വളരെക്കാലത്തേക്കു തുടർന്നു പോകാൻ കഴിയുമെന്നു ഞാൻ ആഗ്രഹിച്ചുകൂടാത്തതാണ്. എന്റെ പ്രവർത്തനമേഖല ക്രമേണ ചുരുങ്ങിവരും. ഒരു ജൈവഘടകമെന്ന നിലയിൽ ശരീരത്തിന്റെ നിലനില്പുമാത്രമായിത്തീരും എന്റെ പ്രവർത്തനങ്ങളുടെ ലക്ഷ്യം. ഒടുവിൽ ഈ ശരീരത്തിലെ വിളക്കും കെട്ടുപോകും. ഇതെനിക്കു നല്ലപോലെ അറിയാം.

> 'ആയുന്നശ്യതിപശ്യതാം പ്രതിദിനം യാതി ക്ഷയം യൗവനം
> പ്രത്യായാന്തി ഗതാഃ പുനർന്നദിവസാഃ കാലോ ജഗദ്ഭക്ഷകഃ
> ലക്ഷ്മീസ്തോയ തരംഗഭംഗചപലാ വിദ്യുച്ചലം ജീവിതം'

എന്ന ശങ്കരാചാര്യരുടെ നിരീക്ഷണം ഇപ്പോൾ അപൂർവനിമിഷങ്ങളിൽ മാത്രമേ എന്റെ മനസ്സിൽനിന്നു തികച്ചും വിട്ടുപോകാറുള്ളു.

അതേ സമയം ഇപ്പോൾത്തന്നെ സാധാരണയിലേറെ നീണ്ടുപോയിട്ടുള്ള എന്റെ ജീവിതത്തെ ഞാൻ വളരെയൊന്നും വ്യർത്ഥമാക്കിയിട്ടില്ലെന്ന വിശ്വാസം എനിക്കു സന്തോഷം നൽകുന്നു. എന്റെ ബാല്യം രോഗബാധകൊണ്ടു ദുർബലമായിരുന്നെങ്കിലും, പിന്നീട് അദ്ധ്വാനപൂർണ്ണമായ ജീവിതത്തിൽ ഏറെ തൃപ്തികരമായ ആരോഗ്യം പുലർന്നുവന്നിട്ടുണ്ട്. ദാരിദ്ര്യം നിമിത്തം വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ പ്രവേശിക്കാൻ കഴിയാതെ ചെലവു കൂടാതെ കിട്ടിയിരുന്ന സംസ്കൃതവിദ്യാഭ്യാസത്തിന്റെ കൈത്തോട്ടിലേക്കു ഞാൻ തിരിഞ്ഞതാകട്ടെ ഒരനുഗ്രഹമായെന്ന് ഇപ്പോൾ തോന്നുന്നു. ഇനി തൊഴിലിനെപ്പററിയാണെങ്കിൽ പ്രൈമറിമുതൽ കോളേജുവരെ, പല തലങ്ങളിൽ അദ്ധ്യാപകനായി ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. എന്റെ ശിഷ്യരിൽ പലരേയും ഗാഢമായി സ്നേഹിക്കാനും, അവരുടെ സ്നേഹം അതേ തോതിൽ തിരിച്ചു നേടുവാനും, എനിക്ക് ഇന്നും കഴിയുന്നുണ്ട്. എന്റെ യൗവനാരംഭത്തെ സ്വാധീനിച്ചത് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ഭാരതീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെയും രാമകൃഷ്ണ—വിവേകാനന്ദപ്രസ്ഥാനത്തിന്റെയും ആദർശങ്ങളായിരുന്നു. ഈ ആദർശങ്ങൾക്ക്, എന്നെ സംബന്ധിച്ചിടത്തോളം, ഇന്നും, പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമഘട്ടത്തിൽ ഏതാനും വർഷങ്ങളോളം മററെല്ലാം വിട്ടെറിഞ്ഞ് ആ പ്രസ്ഥാനത്തിന്റെ അലകളിൽ ഒഴുകിനടക്കാൻ കഴിഞ്ഞു എന്നത് എന്റെ ജീവിതത്തിന്റെ ഏററവും വലിയ ചാരിതാർത്ഥ്യമായി ഞാൻ എണ്ണുന്നു. പിന്നീട്, എന്നെ തേടിവന്ന പത്രപ്രവർത്തനമെന്ന തൊഴിൽ, ഒരു തൊഴിലെന്നതിലേറെ ഒരു വിനോദ—കണ്ടുപിടിത്ത യാത്രയായിട്ടാണ് എനിക്ക് അനുഭവപ്പെട്ടത്. സാഹിത്യപരമായ പത്രപ്രവർത്തനത്തിൽ പൂർണമായി മുഴുകാനും മററെല്ലാം മറക്കാനും എനിക്കു

കഴിഞ്ഞു—രണ്ടു ദശാബ്ദങ്ങളോളം. സമകാല കേരളീയപ്രതിഭയുടെ ഏറ്റവും സുന്ദരങ്ങളും ഉജ്ജ്വലങ്ങളുമായ രൂപഭേദങ്ങളുമായി ആഹ്ലാദ പൂർണമായ ബന്ധം സ്ഥാപിക്കാൻ ഈ തൊഴിൽ എനിക്ക് അവസരമുണ്ടാക്കിത്തന്നു. കേരളത്തിനു വെളിയിലും നമ്മുടെ കാലഘട്ടത്തിലെ പ്രതിഭാശാലികളുമായി പരിചയപ്പെടാൻ എനിക്കു സാധിച്ചു. ഇന്ത്യയുടെ അകത്തും പുറത്തും അർദ്ധഗർഭങ്ങളായ വസ്തുതകരം നിരീക്ഷിച്ചുകൊണ്ടു വ്യാപകമായും സുഖകരമായും സഞ്ചരിക്കുന്നതിനുള്ള സൗകര്യവും എൻെറ തൊഴിൽ എനിക്കു നൽകുകയുണ്ടായി. ഇതൊക്കെക്കൊരണം എൻെറ ജീവിതമാകെ ഒരു നീണ്ട വിദ്യാഭ്യാസപ്രക്രിയയായി മാറി. സ്കൂളിൽ എനിക്കു കിട്ടാതിരുന്നതു ലോകത്തിൽ എനിക്കു കിട്ടി.

മാതൃഭാഷയായ മലയാളത്തെ ആധുനികവിജ്ഞാനത്തിൻെറ വാഹകവും കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിൻെറ മാദ്ധ്യമവും ആക്കുകയെന്നതു് എൻെറ യൗവനാരംഭസ്വപ്നങ്ങളിലൊന്നായിരുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു് അർത്ഥം നൽകുന്നതു് ഇത്തരം സാംസ്കാരിക പരിവർത്തനങ്ങളാണെന്ന പാഠമാണു് ഗാന്ധിജിയിൽനിന്നു ഞാൻ പഠിച്ചിരുന്നതു്. ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്നതിനുള്ള അവസരം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എനിക്കു കിട്ടി. ഇൻസ്റ്റിറ്റ്യൂട്ടിൽ ഞാൻ കഴിച്ചുകൂട്ടിയ ഏഴു കൊല്ലക്കാലം ഉന്നതമായ ഒരു ലക്ഷ്യം നേടുന്നതിനുവേണ്ടിയുള്ള തപസ്യയായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഈ തപസ്യ നിഷ്ഫലമായെന്നു ഞാൻ വിഷാദിക്കുന്നില്ല.

വിപുലമായ ഒരു സുഹൃന്മണ്ഡലം എനിക്കുണ്ടായിരുന്നു. ഈ സുഹൃത്തുക്കളിൽ പലരുമായി വികാരോദ്ബന്ധമായ നിരന്തരസമ്പർക്കം പുലർത്താനും എനിക്കു കഴിഞ്ഞിട്ടുണ്ടു്. എൻെറ ജീവിതത്തിൽ ഞാൻ ഏറ്റവും അധികം വിലമതിക്കുന്ന നേട്ടങ്ങളിലൊന്നു് സൗഹാർദത്തിൻെറ ഈ സമ്പന്നമായ കോശഗൃഹം ആണു്.

'സ്ഥാപിതമസ്ഥിൻ സമ്പ്രതി
ഗോപിതമന്തർമയാ മഹാരത്നം!'

എന്നു മൂകകവിയോടൊപ്പം എനിക്കും ഊററംകൊള്ളാം.

ആഹ്ലാദകരമായിരുന്നു എൻെറ കുടുംബജീവിതം. സാമ്പത്തികമായി ദരിദ്രരെങ്കിലും സ്നേഹത്തിൽ കുബേരരായിരുന്നു എൻെറ മാതാപിതാക്കരം. അവിവേകമെന്നും എടുത്തുചാട്ടമെന്നും ബുദ്ധിശൂന്യതയെന്നും തോന്നിയപ്പോഴും എൻെറ ഒരു പ്രവർത്തനത്തെയും അവർ തടയുകയുണ്ടായില്ല. എൻെറ സഹോദരരിൽനിന്നും ബന്ധുക്കളിൽനിന്നും ഏതുകാലത്തും അനുഭാവവും ധാരണയും എനിക്കു കിട്ടിവന്നിട്ടുണ്ടു്—ഔദാസീന്യം ഉണ്ടാവാം; അവഹേളനം ഒരിക്കലുമില്ല.

താല്പര്യമുള്ള പ്രവർത്തനങ്ങളിൽ മറെറല്ലാം മറന്നു് ആണ്ടുമുങ്ങുവാൻ യൗവനത്തിലും മദ്ധ്യവയസ്സിലും എനിക്കു കഴിവു നൽകിയതു് എൻെറ പത്നിയാണു്. ഇക്കഴിഞ്ഞ മുപ്പത്തേഴു വർഷങ്ങളിൽ, ശരീരത്തെയും ഭൗതികസാമ്പത്തികപരിസ്ഥിതികളെയും കണക്കിലെടുക്കാതെ, ഇഷ്ടമുള്ള കാര്യങ്ങരം ചെയ്തുകൊണ്ടിരിക്കാൻ എനിക്കു സാദ്ധ്യമാക്കിയതിനു് ഞാൻ കൃതജ്ഞത പറയേണ്ടതു് പ്രധാനമായും എൻെറ പത്നിയോടാണു്. ഒരു കവചംപോലെ, ബാഹ്യപീഡകളിൽനിന്നു് എൻെറ പത്നി എന്നെ സംരക്ഷിച്ചുപോന്നു. അവരുമൊത്തുള്ള ജീവിതം എനിക്കു ശാരീരികവും വൈകാരികവും ബുദ്ധിപരവുമായ ശക്തി നൽകി. എൻെറ പുത്രിമാരാണെങ്കിൽ, ഒരു പ്രശ്നവും ഞങ്ങരംക്കു് ഉണ്ടാക്കിയതുമില്ല. എൻെറ

ജീവിതത്തെ ആഹ്ലാദഭരിതമാക്കുന്നതിൽ എന്റെ കുടുംബം നൽകിയ സംഭാവന ഇത്രയെന്നു പറയാനാവില്ല.

എന്റെ സാഹിത്യപരമായ സംഭാവനകളെപ്പററി ഇവിടെ എന്തെങ്കിലും പറയണമെന്നു് ഞാൻ കരുതുന്നില്ല. ദീർഘകാലത്തെ പത്രപ്രവർത്തനപരിചയത്തിൽനിന്നു്, മമതാബുദ്ധി വളരെയൊന്നും കൂടാതെ, ഏറെക്കുറെ മററാരാളുടെ കൃതികളെയെന്നപോലെ, എന്റെ കൃതികളെ വസ്തുനിഷ്ഠമായി നോക്കിക്കാണാനും വിലയിരുത്താനും എനിക്കു കഴിയുന്നുണ്ടു്. മലയാളകവിതയ്ക്കു് ഞാൻ നൽകിയ സംഭാവന അഗണ്യമല്ല എന്നാണു് എന്റെ വിശ്വാസം. അതു് എങ്ങനെയിരുന്നാലും, എന്റെ തലമുറ എന്റെ കൃതികളെ യഥാർഹം ആദരിച്ചിട്ടുണ്ടു്. എനിക്കു പ്രതീക്ഷിക്കാവുന്നതിന്റെ പരമാവധിയാണിതു്. വരും തലമുറകൾ എങ്ങനെ പെരുമാറുമെന്നു് ആർക്കറിയാം? കവിതയ്ക്കു പുറമേ, സാഹിത്യനിരൂപണം, പൊതുവിജ്ഞാനം എന്നീ മേഖലകളിലും, എന്റെ പ്രവർത്തനത്തെപ്പററി എനിക്കു നിരാശ തോന്നുന്നില്ല. പരിമിതമായ മൂലധനംകൊണ്ടു് ഇത്രയൊക്കെയല്ലേ ചെയ്യാനാവൂ?

പരസ്പരം ബന്ധപ്പെടാത്ത പല പ്രവർത്തനങ്ങളിൽ സമയം പാഴാക്കാതെ, ഏതെങ്കിലും ഒരു രംഗത്തു് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നുവെങ്കിൽ, കൂടുതൽ കനപ്പെട്ട സംഭാവനകൾ നൽകുവാൻ എനിക്കു കഴിയുമായിരുന്നില്ലേ? പല സുഹൃത്തുക്കളും എന്നോടു് ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ടു്. ശരിയാവാം. ഉരുണ്ടുനടക്കുന്ന കല്ലിൽ ഉച്ചപ്പിടിക്കുക പ്രയാസം. ഞാനാണെങ്കിൽ, കുറെയധികം ഉരുണ്ടുനടന്നുമിരിക്കുന്നു. പക്ഷേ, ഈ ഉരുണ്ടുനടക്കലിൽനിന്നു കൈവന്ന അനുഭൂതികൾ എന്റെ ജീവിതത്തെ കൂടുതൽ സ്പൃഹണീയമാക്കിയിട്ടുണ്ടെന്നാണു് എന്റെ ധാരണ. നീക്കിവെപ്പു കുറഞ്ഞുപോയിരിക്കാം; പക്ഷേ, നാളതു് ഉപഭോഗം (കറൻറ് കൺസംപ്ഷൻ) മോശമായിരുന്നില്ല. ജീവിതം എനിക്കു തികച്ചും ആസ്വാദ്യമായിരുന്നു.

ഇങ്ങനെയൊക്കെയാണോ വേണ്ടിയിരുന്നതു്?

സാദ്ധ്യതകൾ, സംഭാവ്യവികല്പങ്ങൾ, അനന്തങ്ങളായിരിക്കേ, ആ ചോദ്യത്തിനു് ഉത്തരമില്ല.

ഒരിക്കൽക്കൂടി ജീവിതമാരംഭിക്കാൻ അവസരം നൽകപ്പെട്ടാൽ, നിങ്ങൾ ഇതൊക്കെത്തന്നെയാണോ ചെയ്യുക?

ഇനിയുമൊരവസരം നൽകപ്പെടുകയില്ലെന്നു് ഏറെക്കുറെ ഉറപ്പുള്ളതിനാൽ ആ ചോദ്യത്തിനു് ഉത്തരം നൽകാൻ ശ്രമിക്കുന്നതു വിഡ്ഢിത്തമായിരിക്കും.

ഒന്നുമാത്രം പറയാം: ഞാൻ സംതൃപ്തനാണു്; കൃതജ്ഞനാണു്; ശുഭപ്രതീക്ഷകനുമാണു്—ഈ എഴുപത്തൊന്നാം വയസ്സിന്റെ തുടക്കത്തിലും.

(1 മെയ്, 1986)

# 58. ഇരുട്ടിൽ കാട്ടിൽ ഒരു രാത്രി

1942 ആഗസ്റ്റിൽ ഞാൻ കാലടി ശ്രീരാമകൃഷ്ണാശ്രമത്തിലെ ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ ആയിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകണമെന്നു് ആവശ്യപ്പെടുന്ന പ്രമേയം കോൺഗ്രസ് പ്രവർത്തകസമിതി പാസ്സാക്കിയതിനെത്തുടർന്നു്, ആഗസ്റ്റ് 8—ാം തീയതി രാത്രി മഹാത്മാ